**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 409** **28-06-2022 - ൽ മറുപടിയ്ക്ക്**

**"മെഡിസെപ്പ് " ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കുമുള്ള "മെഡിസെപ്പ് " ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | മെഡിസെപ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായുള്ള തെറ്റുതിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഡി.ഡി.ഒ /നോഡൽ ഓഫീസർ/ ട്രഷറി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി തെരെഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് അടിയന്തിരമായി സർക്കാറിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പരസ്പര ഉടമ്പടി പ്രകാരം അടിയന്തിരമായി തന്നെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (ബി) | ഏതെല്ലാം ആശുപത്രികളെയാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | **RFP** -യിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രത്യേക മാനദണ്ഡങ്ങൾ പാലിക്കുന്ന പബ്ലിക്/പ്രൈവറ്റ് ആശുപത്രികളെയാണ് മെഡിസെപ് പദ്ധതിയുടെ ഭാഗമാക്കാൻ തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ